# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.169

3.02.2020 ലെ മറുപടിയ്ക്ക്

## വാഹന അപകടങ്ങൾ

| ചോദ്യം<br>ശ്രീ.യു.ആർ.പ്രദീപ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 2019 വർഷം സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശം നൽകുമോ ; | (എ)<br>&<br>(ബി) | 2019 വർഷം സംസ്ഥാനത്ത് 41111 (നാൽപത്തി ഒന്നായിരത്തി ഒരുനൂറ്റി പതിനൊന്ന്) വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ അപകടങ്ങളിൽ 4439 പേർ മരണപ്പെട്ടുകയും 32571 പേർക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് മാരകമായി പരിക്കുപറ്റി; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | അശ്രദ്ധമായ ഡ്രൈവിംഗ്, അമിതമായ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയ കാരണങ്ങൾ മൂലമാണ് മിക്ക അപകടങ്ങളും ഉണ്ടാകുന്നത് എന്നതു കണക്കിലെടുത്ത് യുവാക്കൾക്കിടയിലും ഡ്രൈവർമാർക്കിടയിലും സ്വകാര്യ വാഹന ഉടമകൾക്കിടയിലും വിദഗ്ധരെ ഉൾപ്പെടുത്തികൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ ട്രാഫിക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനു പോലീസിന്റെ ഭാഗത്തു നിന്നും നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | അശ്രദ്ധമായ ഡ്രൈവിംഗ്, അമിതമായ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയ കാരണങ്ങളാൽ മിക്ക അപകടങ്ങളും ഉണ്ടാകുന്നത് കണക്കിലെടുത്ത് അത്തരത്തിലുള്ള നിയമലംഘനങ്ങൾ തടയുന്നതിന് കാര്യക്ഷമമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. യുവാക്കൾക്കിടയിലും, ഡ്രൈവർമാർക്കിടയിലും, സ്വകാര്യ വാഹന ഉടമകൾക്കിടയിലും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ സ്ഥലങ്ങളിലെ പ്രധാന സ്കൂളുകൾ കേന്ദ്രീകരിച്ച് റോഡുകളിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്കും, ഡ്രൈവർമാർക്കും അവബോധമുണ്ടാക്കുന്നതിന് ഉതകുന്ന തരത്തിൽ മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് ക്ലബ്ബുകളുടെയും റെസിഡൻസ് അസ്സോസിയേഷനുകളുടെയും സഹകരണ-ത്തോടെ ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും, വിവിധ റോഡ് സേഫ്റ്റി ആക്റ്റിവിറ്റീസ് ഉൾപ്പെടുത്തിയും, വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തിയും, റോഡ് സേഫ്റ്റി വീക്ക് ആചരിച്ചും വരുന്നു. കൂടാതെ ജനമൈത്രി പോലീസ് സംവിധാനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയവയുടെ ഭാഗമായി ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സ്കൂൾ, കോളേജ് തലങ്ങളിലും സംഘടിപ്പിക്കുകയും, ഗ്രാമപഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെട്ട് ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**